**Siraj**

**29 July 2018**

**New Delhi, Monsoon, Damage, Death**

# കാലവർഷം: ഇതുവരെ മരിച്ചത് 465 പേർ

### കേരളത്തിൽ മരിച്ചത് 125 പേർ

***

### 9 പേരെ കാണാതായി

**ന്യൂഡൽഹി:** കാലവർഷത്തിൽ ഇതുവരെ രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ 465 പേർ മരിച്ചതായി ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ അടിയന്തര പ്രതികരണ കേന്ദ്രം (എൻ ഇ ആർ സി) അറിയിച്ചു.

മഹാരാഷ്ട്ര, കേരളം, പശ്ചിമ ബംഗാൾ, ഗുജറാത്ത്, അസാം സംസ്ഥാനങ്ങളിൽ നിന്നുള്ള കണക്കാണിത്. മഹാരാഷ്ട്രയിൽ മാത്രം 138 പേരാണ് മഴയിലും വെള്ളപ്പൊക്കത്തിലും മരിച്ചത്. കേരളത്തിൽ 125 പേർക്ക് കാലവർഷത്തിൽ ജീവൻ നഷ്ടമായി. പശ്ചിമ ബംഗാളിൽ 116 പേരും ഗുജറാത്തിൽ 52 പേരും അസാമിൽ 34 പേരുമാണ് മരിച്ചത്. കനത്ത മഴയും പ്രളയവും മഹാരാഷ്ട്രയിലെ 26 ജില്ലകളെയാണ് ബാധിച്ചത്. കേരളത്തിലാകട്ടെ മുഴുവൻ ജില്ലകളെയും മഴ സാരമായി ബാധിച്ചു. പശ്ചിമ ബംഗാളിൽ 22 ജില്ലകളിൽ മഴയും വെള്ളപ്പൊക്കവും നാശം വിതച്ചപ്പോൾ അസാമിലെ 21, ഗുജറാത്തിലെ പത്ത് ജില്ലകളിൽ മഴക്കെടുതി രൂക്ഷമായിരുന്നു. അസാമിൽ 10.17 ലക്ഷം പേർ മഴക്കെടുതികളിൽ അകപ്പെട്ടപ്പോൾ 2.17 ലക്ഷം ആളുകൾ ഇപ്പോഴും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുകയാണ്. അസാമിൽ മാത്രം ദേശീയ ദുരന്ത നിവാരണ സേനയുടെ 45 പേരടങ്ങുന്ന 12 സംഘങ്ങളാണ് രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തത്. പശ്ചിമ ബംഗാളിൽ 1.61 ലക്ഷം പേരെ മഴയും വെള്ളപ്പൊക്കവും ബാധിച്ചു. ഇവിടേക്ക് എട്ട് സംഘം ദേശീയ ദുരന്ത നിവാരണ സേനയെയാണ് വിട്ടത്.

ഗുജറാത്തിൽ വെള്ളപ്പൊക്കം രൂക്ഷമായതിനെ തുടർന്ന് 15,912 പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി. ദേശീയ ദുരന്ത നിവാരണ സേനയുടെ 11 സംഘങ്ങളാണ് ഇവിടെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. കേരളത്തിൽ 1.43 ലക്ഷം ജനങ്ങളെ വെള്ളപ്പൊക്കം ബാധിച്ചു. സംസ്ഥാനത്ത് 125 മരണമാണ് സ്ഥിരീകരിച്ചിട്ടുള്ളത്. ഒമ്പത് പേരെ കാണാതായിട്ടുണ്ട്. തെക്കൻ സംസ്ഥാനങ്ങൾക്കായി വിട്ടുനൽകിയ നാല് സംഘം ദുരന്ത നിവാരണ സേനകളിൽ മൂന്നും മഹാരാഷ്ട്രയിലാണ് സേവനം ചെയ്തത്.



*കനത്ത മഴ തുടരുന്ന ഹിമാചൽ പ്രദേശിലെ ഷിംലയിൽ റോഡിന് കുറുകെ വീണ മരം*